➪ നിറം മങ്ങിയ ജീവിതങ്ങളുടെ യഥാർത്ഥ ദുരന്തകാലം ഇനിയാകും ➪

2019 ഡിസംബർ 31 ന് ലോകം മുഴുവൻ പുതിയ ദശകത്തെ വരവേൽക്കുന്ന ആഘോഷത്തിമിർപ്പിലായിരിക്കുമ്പോൾ ചൈന (പ്രത്യേകിച്ച് വുഹാൻ പ്രദേശം) തീർത്തും മ്ലാനമായൊരു പുതുപ്പിറവിയിലായിരുന്നു. രണ്ടാഴ്ചയിലധികമായി ശ്വാസതടസ്സം, പനി, ചുമ, ശരീരവേദന, തുടങ്ങിയ ലക്ഷണങ്ങളോടുകൂടി നിരവധിയാളുകൾ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ട ആശുപത്രി അധികൃതർ അതിൽതന്നെ പലരും വളരെപ്പെട്ടന്ന് അതീവ ഗുരുതരാവസ്ഥയിലേക്ക് മാറുന്നതായികാണുകയും പുതിയൊരുതരം വൈറസ് ബാധയെകുറിച്ച് സംശയം ഉയർത്തുകയും ചെയ്തു. ചൈനീസ് സിഡിസിയുടെ വിദഗ്ധർ മുമ്പുണ്ടായ സാർസ് അനുഭവ പശ്ചാത്തലത്തിൽ കൊറോണ വിഭാഗത്തിൽപ്പെട്ട പുതിയൊരു വൈറസ് ബാധയെകുറിച്ച് ലോകാരോഗ്യസംഘടനയെ വിവരം അറിയിച്ചു. 2020 ജനുവരി 30 ആകുമ്പോഴേക്കും നോവൽകൊറോണയെന്നു വിളിക്കപ്പെട്ട 'കോവിഡ്19' ലോക ആരോഗ്യരംഗത്തിന് വെല്ലുവിളി ഉയർത്തുന്ന ഒരു ഭീഷണിയാണെന്ന് മുന്നറിയിപ്പ് നൽകുകയുണ്ടായി.

# കോവിഡിന്റെ മറവിൽ നടക്കുന്ന ആരോഗ്യരംഗത്തെ അധാർമ്മികതകൾ

"എല്ലാ പകർച്ചവ്യാധികളുടെ കാര്യത്തിലും ആദ്യത്തെ ഉയർച്ച കഴിഞ്ഞു താഴ്ച്ച തുടങ്ങുന്ന ഘട്ടത്തിലാണ് മരുന്നുകളോ വാക്സിനുകളോ അവതരിക്കുന്നത്. അപ്പോഴേക്കും സമൂഹത്തിലെ 70 ശതമാനം പേരും രോഗാണുവിനെ അഭിമുഖീകരിച്ച് സ്വാഭാവിക പ്രതിരോധം ആർജ്ജിച്ചിട്ടുണ്ടാകും. എന്നാൽ കോവിഡ് 19ന്റെ കാര്യത്തിൽ അതിനുള്ള സാധ്യതകൾ കൂടിയാണ് സാമൂഹിക അകലം പാലിക്കൽ വഴി അടച്ചുകളഞ്ഞത്." കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യരംഗത്ത് നടക്കുന്ന അധാർമ്മിക പ്രവർത്തനങ്ങൾ തുറന്നുകാണിക്കുന്നു

**ഡോ. പി.ജി. ഹരി**

നാളിതുവരെ ഇല്ലാത്ത വേഗതയിലും മാനദണ്ഡങ്ങൾ മറികടന്നും മാർച്ച് 12ന് ലോകാരോഗ്യസംഘടന കോവിഡ് 19നെ ലോക മഹാമാരിയായി (pandemic) പ്രഖ്യാപിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത് നൂറ് ദിവസം കഴിയുമ്പോഴേക്കും 192 രാജ്യങ്ങളിലായി പതിനാറ് ലക്ഷത്തോളം പേർക്ക് രോഗബാധ സ്ഥിരീകരിച്ചു. അതിൽ മരണസംഖ്യ ഒരു ലക്ഷത്തിനടുത്തേക്ക് എത്തുന്ന അവസ്ഥ. ജീവിതത്തിന്റെ സമസ്തമേഖലകളെയും നിശ്ചലമാക്കികൊണ്ടുള്ള പൂർണമായ ഒരു അടച്ചുപൂട്ടലിന്റെ വിവിധ ഘട്ടങ്ങളിലാണ് ഭൂരിഭാഗം രാഷ്ട്രങ്ങളും. പൊതുവിൽ അരികുജീവിതങ്ങൾക്കും 'മോടി'പിടിപ്പിക്കാൻ മതിലുകെട്ടിമറച്ച തെരുവുജീവിതങ്ങൾക്കും എതിർപക്ഷത്ത് നിൽക്കുന്ന ഭരണകൂടങ്ങൾ ഈ ദുരന്തത്തെപോലും അത്തരത്തിലൊരു പാക്കേജായി തന്നെയാണ് കാണുന്നത്. ദിനംപ്രതിയെന്നോണം പുറത്ത് വന്നുകൊണ്ടിരിക്കുന്ന വംശീയതയും വിദ്വേഷവും നിറഞ്ഞ സംഭവങ്ങൾ, അമേരിക്കയടക്കം എടുക്കുന്ന നയപരമായ തീരുമാനങ്ങൾ എല്ലാം ഇതിനു തെളിവുകളാണ്. അതുകൊണ്ടുതന്നെ മുകളിൽ സൂചിപ്പിച്ച നിറം മങ്ങിയ ജീവിതങ്ങളുടെ യഥാർത്ഥ ദുരന്തകാലം ഇനിയാകും.

രണ്ടാംലോകമഹായുദ്ധകാലത്ത് മനുഷ്യസമൂഹം നേരിട്ട ദുരന്തങ്ങൾക്ക് സമാനമായോ അല്ലെങ്കിൽ അതിനുശേഷം ഉണ്ടാകുന്ന ഏറ്റവും വലിയ പ്രതിസന്ധി



യായോ ആണ് ഒട്ടുമിക്ക നിരീക്ഷകരും കോവിഡ് കാലത്തെ അടയാളപ്പെടുത്തുന്നത്. എല്ലാ അർത്ഥത്തിലും അന്നത്തേതിൽ നിന്നും ബഹുദൂരം മുന്നിൽപോയ ആധുനിക സമൂഹത്തിന് (സാങ്കേതികമായും, സാമൂഹികമായും ആരോഗ്യ വൈദ്യശാസ്ത്രഗവേഷണ മേഖലയിലുമെല്ലാം) എന്തുകൊണ്ട് ഇത്തരത്തിലൊരു സൂക്ഷ്മ ജീവിക്ക് മുന്നിൽ സർവ്വതും അടച്ചുപൂട്ടി അകലംപാലിക്കുക എന്നൊരു തന്ത്രത്തെ മാത്രം ആശ്രയിക്കേണ്ടി വരുന്നു? നാളിതുവരെ ശാസ്ത്രീയനേട്ടങ്ങളായി കരുതിയ പലതും ഒരു പുനർവിശകലനം ആവശ്യപ്പെടുന്നു. തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്തുകയും നിരന്തര അന്വേഷണങ്ങളിലൂടെ കൂടുതൽ ശരിയിലേക്ക് എത്തുകയും അത് ജനങ്ങൾക്ക് മുന്നിൽ സുതാര്യമായി അവതരിപ്പിക്കുകയും ശാസ്ത്രലക്ഷ്യങ്ങളായി പറയാവുന്നതാണ്. എന്നാൽ ക്രമേണ ശാസ്ത്രം അതിന്റെ വിശാലലക്ഷ്യങ്ങളിൽ നിന്നു വ്യതിചലിക്കുന്നു. സർവ്വ ജീവജാലങ്ങളുടെയും പരസ്പരാശ്രിതത്വത്തിലൂന്നിയ നിലനിൽപ്പ് അവഗണിച്ച് മനുഷ്യകേന്ദ്രീകൃതമായ അന്വേഷണത്തിലേക്ക് ശാസ്ത്രത്തിലെ മുഖ്യധാര ചുവടുമാറ്റുന്നു. ഇത് മനുഷ്യരിൽ തന്നെ ശക്തിയും സമ്പത്തുമുള്ള അധികാരകേന്ദ്രങ്ങൾക്ക് അവരുടെ ആധിപത്യം നിലനിറുത്താൻ വേണ്ടിമാത്രമായി വീണ്ടും ചുരുങ്ങി. അപ്പോഴും ഒരു ചെറു ന്യൂനപക്ഷം ശാസ്ത്രജ്ഞർ ശാസ്ത്രസത്യങ്ങളെ ജനങ്ങളിലെത്തിക്കാനും ജനനന്മയ്ക്കായി ഉപയോഗിക്കാനുമായി നിരന്തരം പൊരുതുന്നു. കോവിഡ് പോലെയുള്ള രോഗങ്ങളുടെ ഒന്നിനു പിറകെ ഒന്നായുള്ള വരവിന്റെ പശ്ചാത്തലത്തിൽ, യഥാർത്ഥത്തിൽ ശാസ്ത്രലോകത്ത് നടക്കുന്നതെന്താണെന്ന് ജനങ്ങൾക്കുമുന്നിൽ തുറന്നുകാട്ടേണ്ടതുണ്ട്.

നമ്മുടെ ചുറ്റും കാണുന്ന ജീവജാലങ്ങൾക്ക് പുറമേ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയാത്ത പത്ത് ലക്ഷത്തിലേറെ വരുന്ന സൂക്ഷ്മജീവികളെ ശാസ്ത്രലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. അതിൽ 1415 എണ്ണം മാത്രമാണ് മനുഷ്യരിൽ രോഗകാരിയായിട്ടുള്ളത് എന്ന് ജോസഫ് ആന്റണി (മാതൃഭൂമി വാരിക, മാർച്ച് 29 /2020) തന്റെ ലേഖനത്തിൽ ചൂണ്ടികാട്ടുന്നു. പതിനായിരത്തിലേറെ വരുന്ന വൈറസുകളിൽ കേവലം 263 ഇനം മാത്രമാണ് മനുഷ്യനിൽ ബാധിക്കുന്നവയായി ഇതുവരെ തിരിച്ചറിഞ്ഞിട്ടുള്ളത് എന്ന് പ്രമുഖ ശാസ്ത്രഗ്രന്ഥകാരനും അന്വേഷകനുമായ ബിൽ ബ്രൈസൺന്റെ പുതിയ പുസ്തകമായ The -Body യെ അവലംബിച്ച് ജോസഫ് ആന്റണി പറയുന്നു. നിരവധി ഇനങ്ങളുള്ള കൊറോണ വൈറസ് കൂട്ടത്തിൽ ഏറ്റവും പുതിയതായി തിരിച്ചറിഞ്ഞ വൈറസ് ആണ് SARS-cov2 എന്ന കോവിഡ്19. ഇത്തരത്തിൽ ബാക്ടീരിയകളെയും വൈറസുകളെയും രോഗകാരികളായി തിരിച്ചറിയുകയും അവയുടെ മനുഷ്യശരീരത്തിലെ പ്രവർത്തനങ്ങളെ തടയുകയോ മന്ദീഭവിപ്പിക്കുകയോ ചെയ്യുന്ന രാസസംയുക്തങ്ങളുടെ കണ്ടുപിടുത്തവും കൂടി ആയതോടെ വ്യാവസായികാടിസ്ഥാനത്തിൽ ഇത്തരം ഔഷധനിർമ്മാണവും കൂടുതൽ കൂടുതൽ ഔഷധങ്ങൾക്ക് വേണ്ടിയുള്ള അന്വേഷണവുമാണ് ആരോഗ്യശാസ്ത്രത്തിന്റെ പ്രധാന ദിശ നിർണ്ണയിക്കുന്നത്. ബാക്ടീരിയകളിൽ നിന്നു വ്യത്യസ്തമായി വൈറസുകൾ ആതിഥേയ ജീവിയുടെ ശരീരത്തിനുവെളിയിൽ നിർജ്ജീവാവസ്ഥയിൽ ആയിരിക്കും. ആതിഥേയ ജീവിയുടെ കോശങ്ങളിൽ പ്രവേശിക്കുന്ന വൈറസ് അവിടെ നിന്ന് പ്രോട്ടീനുകളെ സ്വീകരിച്ച് വിഭജനം നടത്തി കോളനികളായി പെരുകുന്നു. ഇവയെ പുറന്തള്ളാനുള്ള ശരീരത്തിന്റെ ചെറുത്തുനിൽപ്പിന്റെ ഭാഗമായി രോഗലക്ഷണങ്ങൾ രൂപപ്പെടുന്നു. കോവിഡിന്റെ കാര്യത്തിൽ ശ്വാസകോശസ്തരങ്ങളിലാണ് രോഗാണു ഏറ്റവും കൂടുതൽ ഉണ്ടാകുക. സ്വാഭാവികമായും തുമ്മുക, ചുമയ്ക്കുക വഴി പുറത്തേക്ക് വരുന്ന സ്രവങ്ങളിലൂടെ രോഗാണുക്കൾ അടുത്ത ആളിലേക്ക് പകരുന്നു.

ഇതിനു മുൻപ് ലോക മഹാമാരികളായി പ്രഖ്യാപിക്കപെട്ട രോഗങ്ങളുമായി താരതമ്യചെയ്യുമ്പോൾ മരണനിരക്കും ഗുരുതരാവസ്ഥയിലാകുന്ന നിരക്കും വളരെ കുറവാണെന്നുകാണാം. എന്നിട്ടും ലോകം ഇത്തരത്തിൽ ഒരു ഭീകര പ്രതിസന്ധിയിലേക്ക് പോകുന്നതിന്റെ കാരണങ്ങളെ വിശകലനം ചെയ്യുന്നു ഡോ. ജേക്കബ് പുളിയേൽ 'ദി വയർ' എന്ന ഓൺലൈൻ മാധ്യമത്തിൽ എഴുതിയ തന്റെ ലേഖനത്തിൽ.

രോഗാണുശാസ്ത്രവും അനുബന്ധ സാങ്കേതിക ജ്ഞാനവും ഇത്രയധികം വികസിക്കുന്നതിന് മുമ്പ് രോഗകാരണങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചുമൊക്കെയുള്ള അന്വേഷണങ്ങൾ കുറച്ചുകൂടി വിശാലവും സമഗ്രവുമായിരുന്നു എന്ന് ആ രംഗത്തെ വിദഗ്ധരിൽ പലരും സമ്മതിക്കുന്ന വാദമാണ്. ഒരു സമൂഹത്തിൽ രോഗം പകരുന്നതിന്റെ രോഗാണുവിനും അപ്പുറത്തേക്കുള്ള കാരണങ്ങൾ കണ്ടെത്തുകയും അത് പരിഹരിക്കാൻ ശ്രമിക്കുകയുമായിരുന്നു ശരിയായ ആരോഗ്യപ്രവർത്തനം. ലോകാരോഗ്യ സംഘടനയുടെ ആൽമആട്ട പ്രഖ്യാപനവും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുടെയും ഫലമായി ശുദ്ധജലം, പോഷകാഹാരം, സുരക്ഷിതമായ വാസസ്ഥലം എല്ലാം ഒരു സമൂഹത്തിന്റെ ആരോഗ്യം നിർണ്ണയിക്കുന്നതിൽ പങ്ക് വഹിക്കുന്നതായി കരുതിപോകുന്നു. എന്നാൽ 90കളുടെ ആദ്യപാദം മുതൽത്തന്നെ ചിത്രം മാറിതുടങ്ങി. ലോകാരോഗ്യ സംഘടനയടക്കമുള്ള അന്താരാഷ്ട്ര സമിതികൾക്ക് മേൽ ഔഷധനിർമ്മാണ കോർപ്പറേറ്റുകൾക്കും മരുന്ന്-പ്രതിരോധ മരുന്ന് പരീക്ഷണ കമ്പനികൾക്കും നിർണ്ണായക സ്വാധീനം ലഭിച്ചതോടെ 'എല്ലാവർക്കും ആരോഗ്യം' എന്നതിനേക്കാൾ 'എല്ലാവർക്കും വാക്സിനേഷൻ' എന്നതിനായി പ്രാമുഖ്യം. ആന്റിബയോട്ടിക്കുകളുടെയും അനുബന്ധ മരുന്നുകളുടെയും വരവോടുകൂടി പകർച്ചവ്യാധികളുടെ ആക്രമണത്തെ നിയന്ത്രിക്കാൻ കഴിഞ്ഞുവെന്നും ജീവിതശൈലീരോഗങ്ങൾ കൂടിവരുന്നതാണ് പുതിയ വെല്ലുവിളിയെന്നും ആയിരുന്നു പ്രമുഖ പകർച്ചവ്യാധി വ്യാപന പഠന വിദഗ്ധൻ മാർക്ക് ലിപ്സ്റ്റിച്ച് (ഹാർവാഡ് സ്കൂൾ ഒഫ് പബ്ലിക് ഹെൽത്ത്) വിശദീകരിച്ചിരുന്നത്. 1962ലെ നോബൽ പുരസ്കാര ജേതാവ് സർ ഫ്രാങ്ക് മാക്ഫെറീന ബനറ്റ് പറഞ്ഞിരുന്നത്, പകർച്ചവ്യാധിയെക്കുറിച്ച് പറയുകയെന്നാൽ ചരിത്രം പറയുകയെന്നത്രേ. എന്നാൽ ഇവരുടെയൊക്കെ പ്രതീക്ഷകൾക്ക് വിരുദ്ധമായാണ് പുതിയ പുതിയ പകർച്ചവ്യാധികളുടെയും നിയന്ത്രണവിധേയമാക്കിയെന്ന് അവകാശപ്പെട്ടിരുന്ന ക്ഷയം അടക്കമുള്ള രോഗങ്ങളുടെയും തിരിച്ചുവരവ്. രോഗാണുവിന്റെ പുതിയ തലമുറ ആന്റിബയോട്ടിക്കുകളോട് പ്രതികരിക്കുന്നില്ലെന്നും വികസിത രാജ്യങ്ങളിലെ ശാസ്ത്രലോകം ഗൗരവത്തോടെയാണ് ഇത് കാണുന്നതെന്നും ഡോ. കാതറിൻ ഫ്ളമിങ്ങ് (സി.ഡി.സി അമേരിക്ക) പ്രസ്താവിക്കുന്നു.

ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്തതടക്കം ലക്ഷോപലക്ഷം തരം സൂക്ഷ്മജീവികളും കോടിക്കണക്കിന് മനുഷ്യരും പക്ഷിമൃഗാദികളും തമ്മിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന പാരസ്പര്യത്തിലും സഹവർത്തിത്വത്തിലും സംഭവിക്കുന്ന വിള്ളലുകളാണ് പുതിയ പ്രതിസന്ധികളുടെ യഥാർത്ഥകാരണമെന്ന് നിരവധി ശാസ്ത്രജ്ഞർ ചൂണ്ടികാണിക്കുന്നു. ഇത്തരത്തിൽ രോഗകാരണത്തെ നിർദ്ധാരണം ചെയ്യുമ്പോൾ നിലവിൽ നാം കണ്ടെത്തിയ കാരണങ്ങൾ ശരിയായിരിക്കെത്തന്നെ കൂടുതൽ വലിയ ശരികളിലേക്ക് ചുവടുമാറ്റേണ്ടതുണ്ട്. ഓരോ രോഗാണുവിനും മരുന്നും പ്രതിരോധ മരുന്നും കേന്ദ്രീകരിച്ചുള്ള അന്വേഷണത്തിനു പകരം സമഗ്രമായൊരു ആരോഗ്യസംരക്ഷണ പദ്ധതിയെ രൂപപ്പെടുത്തലാണ് ശാസ്ത്രത്തിന്റെ ദൗത്യം. ഇതിനു പക്ഷേ ആഗോള വിപണിയും അവർ നിയന്ത്രിക്കുന്ന ഭരണകൂടങ്ങളും തടസ്സം നിൽക്കുന്നു. ലോകത്തിന്റെ ഏതു കോണിൽ ഉടലെടുക്കുന്ന പകർച്ചവ്യാധിയും രണ്ടു ദിവസങ്ങൾക്കുള്ളിൽ മറുകോണിൽ എത്താവുന്ന തരത്തിൽ മനുഷ്യസമൂഹം വേഗതയാർജ്ജിച്ചിരിക്കുന്നു. പരിസ്ഥിതിയിലേക്ക് വീണ്ടുവിചാരമില്ലാതെ നടത്തിയ കടന്നുകയറ്റം, വിവിധങ്ങളായ ആവാസവ്യവസ്ഥകളെ പരിഗണിക്കാതിരിക്കൽ, മനുഷ്യസമൂഹത്തിൽ തന്നെയുള്ള വിവിധങ്ങളായ ജനിതകവൈവിധ്യങ്ങളുടെ സവിശേഷതകളെയും പ്രാദേശിക അറിവുകളെയും പാടെ അവഗണിച്ചുകൊണ്ട് ഏകലോകക്രമത്തിനായുള്ള പാച്ചിൽ എന്നിവ വ്യാപകമാകുന്നു. സ്വാഭാവികമായും അതുവരെ മനുഷ്യന് നിരുപദ്രവകാരികളായിരുന്ന സൂക്ഷ്മജീവികൾ പോലും ജനിതകമാറ്റം അടക്കം നടത്തി അതിജീവനത്തിനായി പൊരുതുന്നു. വൈറസുകളുടെ കാര്യത്തിൽ ഓരോ പുതിയ മാറ്റവും ശാസ്ത്രലോകത്തിൽ കടുത്ത വെല്ലുവിളി ഉയർത്തുന്നു. നിലവിൽ വൈറസുകളുടെ പ്രവർത്തനത്തെ ഫലപ്രദമായി ചെറുക്കുന്ന മരുന്നുകൾ അലോപ്പതി ശാസ്ത്രശാഖയിൽ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കൊറോണയുടെ കാര്യത്തിൽ പ്രത്യേകിച്ചും. Oseltamivir, Ganciclovir, Lopinavir, Ritonavir, എന്നീ പൊതുവിൽ വൈറസ് ബാധകളിൽ പ്രയോഗിക്കുന്നവയും Chlroquine, Hydroxichloroquine തുടങ്ങിയ മലേറിയ അടക്കം ചിലരോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകളുടെയും പരീക്ഷണപ്രയോഗമാണ് നടക്കുന്നത്. മാർച്ച് ആദ്യവാരം വരെ ലോകാരോഗ്യ സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഈ വിവരങ്ങളടങ്ങിയ വിശദീകരണ കുറിപ്പ് കാണാമായിരുന്നു. അതിൽ മുകളിൽ പറഞ്ഞ മരുന്നുകളുടെ നിരവധി ക്ലിനിക്കൽ ട്രയലുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും എന്നാൽ അതിൽ 17എണ്ണം മാത്രമാണ് അനുകൂല ഫലം നൽകിയിട്ടുള്ളു എന്നും വിശദീകരിച്ചിരുന്നു. മാത്രമല്ല, 25 അംഗ ഗവേഷണ സമിതിയിലെ പ്രതിനിധികളുടെയും അവരുടെ സ്ഥാപനങ്ങളുടെ പേരും പ്രസിദ്ധീകരിച്ചിരുന്നു. അഞ്ചു പേർ ബിൽ & മിലിൻഡ ട്രസ്റ്റിന്റെ വിവിധ ഗവേഷണ സ്ഥാപനങ്ങളെ പ്രതിനിധികരിക്കുന്നവരാണ്. അഞ്ചിലധികം പേർ യു.എസ് സ്ഥാപനങ്ങളിൽ നിന്നും ഉള്ളവർ. 63 വാക്സിൻ കമ്പനികളുടെ പരീക്ഷണങ്ങളുടെ ലിസ്റ്റും പ്രസിദ്ധീകരിച്ചിരുന്നു. നിലവിലുള്ള നിയമങ്ങളൊ ചട്ടങ്ങളോ അനുസരിച്ച് കൃത്യമായി യാതൊരു പഠനവും നടത്താതെയാണ് മരുന്നായും പ്രതിരോധമരുന്നായും ഇത് ഉപയോഗിക്കുന്നതെന്ന് പ്രിയ പിള്ള തന്റെ ലേഖനത്തിൽ അമേ

രിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിലെ വിദഗ്ദ്ധരെ അടക്കം നിരവധി പ്രമുഖരെ അധികരിച്ച്സ്ഥാപിക്കുന്നുണ്ട്. ചൈന അവരുടെ രാജ്യത്ത് പ്രയോഗത്തിലുള്ള തദ്ദേശീയ ചികിത്സ സമ്പ്രദായംകൂടി പ്രയോഗിക്കുകയും ആരോഗ്യകരമായൊരു സംയോജിത ചികിത്സ സമ്പ്രദായം കൂടുതൽ വിജയം കണ്ടതായി ചൈനീസ് ആരോഗ്യ വിദഗ്ദ്ധരെ അധികരിച്ച് വാർത്തകൾ വരുകയും ചെയ്തിരുന്നു. ഇൻഡ്യയിലാകട്ടെ ആയുർവേദ/ ഹോമിയോപ്പതി മരുന്നുകളുടെ ഫലപ്രാപ്തിക്ക് കൃത്യമായ തെളിവില്ല, ശാസ്ത്രീയമല്ല എന്ന ന്യായീകരണം പറഞ്ഞ് ഗുരുതരാവസ്ഥയിലുള്ള രോഗികളിൽ പോലും പ്രയോഗിക്കാൻ അനുവദിക്കാതെ, ജീവിതം തിരിച്ചുപിടിക്കാനുള്ള സാധ്യതയെ അടച്ചുകളയുകയാണ്. ഇത് തെളിയിക്കുന്നത് മുകളിൽ പറഞ്ഞ മരുന്നുകൾ ഉപയോഗിച്ചുള്ള പരീക്ഷണം മാത്രമാണ് ജനങ്ങൾക്ക് മേൽ നടക്കുന്നത് എന്നാണ്.

> ഇൻഡ്യയിലാകട്ടെ ആയുർവേദ/ ഹോമിയോപ്പതി മരുന്നുകളുടെ ഫലപ്രാപ്തിക്ക് കൃത്യമായ തെളിവില്ല, ശാസ്ത്രീയമല്ല എന്ന ന്യായീകരണം പറഞ്ഞ് ഗുരുതരാവസ്ഥയിലുള്ള രോഗികളിൽ പോലും പ്രയോഗിക്കാൻ അനുവദിക്കാതെ, ജീവിതം തിരിച്ചുപിടിക്കാനുള്ള സാധ്യതയെ അടച്ചുകളയുകയാണ്.

ശരീരത്തിൽ വൈറസിന്റെ പ്രവർത്തനങ്ങളെ തടയുന്ന തന്മാത്രയാണ് ഇന്റർഫെറോൺ ആൽഫയെന്നത്. ഇതിനു സമാനമായവ നിർമ്മിച്ച് രോഗികൾക്ക് നൽകി രോഗാവസ്ഥ മറികടക്കണമെന്നതാണ് ക്യൂബൻ ഡോക്ടർമാർ വിവിധരാജ്യങ്ങളിൽ നടത്തിയ ഇടപെടലിലൂടെ പ്രയോഗികമായി തെളിയിച്ചത്. എന്നാൽ മരുന്നുപരിക്ഷണങ്ങൾക്ക് ഒപ്പം നിൽക്കുന്നതുകൊണ്ടാണ് ഈ മരുന്നും (ഇന്റെർഫെറോൺ ആൽഫ 2ബി) ഇൻഡ്യയിൽ ഉപയോഗിക്കാതിരിക്കുന്നത്. ഗവേഷണങ്ങളുടെ രീതിശാസ്ത്രവും സുതാര്യതയില്ലായ്മയും തിരുത്താൻ സമയമായിരിക്കുന്നു എന്ന് കോവിഡ് അനുഭവങ്ങൾ തെളിയിക്കുന്നു. ഇത്തരത്തിൽ പ്രകടമായി തന്നെ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴാണ് മാർച്ച് ആദ്യവാരത്തിൽ തന്നെ ഹൈഡ്രോക്സി ക്ലോറോകിൻ സൾഫേറ്റ് ആരോഗ്യ പ്രവർത്തകർ പ്രതിരോധമരുന്നായി കഴിക്കണമെന്ന് ഉപയോഗിക്കേണ്ട ഡോസ് അടക്കം ഐ.സി.എം.ആർ ഔദ്യോഗിക നിർദ്ദേശം നൽകിയത്. ഇത് മറ്റൊരു ദുരന്തമുഖത്തും ഇതുവരെ അനുവർത്തിക്കാത്തതും തികച്ചും അശാസ്ത്രീയവും അനവസരത്തിലുമാണെന്നും തെളിവുകൾ നിരത്തി സ്ഥാപിച്ചവർ ഏറെയാണ്. എന്നിട്ടും നേരത്തെ എഴുതി തയ്യാറാക്കിയ തിരക്കഥപോലെ കാര്യങ്ങൾ മുന്നോട്ടുനീങ്ങി. കേവലം കോർപ്പറേറ്റ് താത്പര്യങ്ങൾക്കപ്പുറം ലോകം ഒരു അധികാരകേന്ദ്രത്തിന് കീഴിൽ നിയന്ത്രിക്കാൻ പണിയെടുക്കുന്നവർ, അതിനുള്ള പശ്ചാത്തലം ഈ ദുരന്തമുഖത്ത് നിന്നും ഒരുക്കിയെടുക്കുകയാണ് എന്നത് കൂടുതൽ വ്യക്തമാകുന്നു. അമേരിക്ക, ചൈന, ഇറ്റലി, ബ്രിട്ടൻ, സ്പെയിൻ, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ തങ്ങളുടെ പ്രതിസന്ധികളെ മറികടക്കാനുള്ള അവസരമായി ഇത് ഉപയോഗിക്കുന്നു. പൗരാവകാശങ്ങളെ ഹനിക്കുന്ന നിയമങ്ങൾ, നിരീക്ഷണങ്ങൾ, വംശവെറി എന്നിവ വ്യാപകമാകുന്നു. സാധാരണജനങ്ങൾക്കും, അസംഘടിത തൊഴിൽമേഖലയിലുള്ളവർക്കും ന്യൂനപക്ഷങ്ങൾക്കും ദോഷകരമാകുന്ന നിയമങ്ങളും തീരുമാനങ്ങളും യാതൊരു എതിർപ്പുമില്ലാതെ നടപ്പിലാക്കാൻ ഈ അവസരം ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഒരിക്കലും അവസാനിക്കാത്ത തീവ്രവാദി ഭീഷണി പോലെ, ഒരിക്കലും അവസാനിക്കാത്ത യുദ്ധമായി, കാണാനാകാത്ത ഈ ശത്രുവിനെതിരായ യുദ്ധം തുടരുകതന്നെ ചെയ്യും എന്ന് Climate A New Story എന്നപുസ്തകത്തിന്റെ രചയിതാവും പ്രഭാഷകനുമായ ചാൾസ് ഐൻസ്റ്റിൻ തന്റെ പുതിയ ലേഖനത്തിൽ വിശദീകരിക്കുന്നു.

നാളിതുവരെയുള്ള പകർച്ചവ്യാധികളുടെ ചരിത്രം പരിശോധിച്ചാൽ രോഗബാധനിരക്കിലും ഗുരുതരമാകുന്നവരുടെ എണ്ണത്തിലും പെട്ടന്നുണ്ടാകുന്ന ഉയർച്ചയ്ക്കുശേഷം സ്വാഭാവികമായും കുറഞ്ഞുതുടങ്ങുന്നതും ഗ്രാഫ് താഴെ ആകുന്നതും കാണാം. എല്ലാ പകർച്ചവ്യാധികളുടെ കാര്യത്തിലും ആദ്യവട്ട ഉയർച്ച കഴിഞ്ഞു താഴ്ച്ച തുടങ്ങുന്ന ഘട്ടത്തിലാണ് മരുന്നുകളോ വാക്സിനുകളോ അവതരിക്കുന്നത്. അപ്പോഴേക്കും സമൂഹത്തിലെ 70 ശതമാനം പേരും രോഗാണുവിനെ അഭിമുഖീകരിച്ച് സ്വാഭാവിക പ്രതിരോധം ആർജ്ജിച്ചിട്ടുണ്ടാകും. എന്നാൽ കോവിഡ് 19ന്റെ കാര്യത്തിൽ അതിനുള്ള സാധ്യതകൾ കൂടിയാണ് സാമൂഹിക അകലം പാലിക്കൽ വഴി അടച്ചുകളഞ്ഞത്. ഒപ്പം തെറ്റായ മരുന്ന് പ്രയോഗങ്ങളും. കൂടുതൽ പേർക്ക് രോഗനിർണ്ണയ ടെസ്റ്റുകൾ നടത്തുകയും രോഗം വന്നാൽ ഗുരുതരമാകാൻ സാധ്യതയുള്ള വിഭാഗത്തിൽപ്പെട്ടവരെ (പ്രായംകൂടിയവർ, ഹൃദ്രോഗം, വൃക്കരോഗം ഉള്ളവർ) കൂടുതൽ കരുതലോടെ പരിരക്ഷിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. വൈറസിനെ അഭിമുഖികരിച്ച് സ്വാഭാവിക പ്രതിരോധം ആർജ്ജിച്ച യുവക്കളെ ആരോഗ്യ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യാമായിരുന്നു

ശരിയായ ആരോഗ്യപരിസ്ഥിതിയെ കുറിച്ചുള്ള അവബോധം, സാമൂഹികനീതിയിലധിഷ്ഠിതമായ ഭരണക്രമം, വിഭവങ്ങളുടെയും അവസരങ്ങളുടെയും ന്യായമായ വിതരണം – ഇവയ്ക്ക് വേണ്ടിയുള്ള സമരം കൂടിയാണ് ഇക്കാലത്തെ ആരോഗ്യപ്രവർത്തനം.■